**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **29-09-2025 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി വഴി മത്സ്യ തൊഴിലാളികൾക്ക് വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി വഴി സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ ലഭ്യമായിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മൽസ്യ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവ് പ്രകാരം പുനർഗേഹം പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനാണ്. പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്എന്നിവയ്ക്ക് ചെലവാകുന്ന തുക കൂടി ഗുണ ഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>**<u>ഭൗതിക പുരോഗതി</u>**<br><br>പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാതല സമിതി കൂടി തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മുട്ടത്തറ (332), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), ഉണ്ണ്യാൽ (16) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം |

738 കുടുംബങ്ങൾ ഫ്ലാറ്റുകളിൽ പുനരധിവസിപ്പിക്കപ്പെട്ടു. ആകെ 3322 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിപ്പിക്കപ്പെട്ടു.

പുനർഗേഹം പദ്ധതി ഗുണ ഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (68), മലപ്പുറം ജില്ലയിലെ പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ് ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 596 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതി പ്രകാരമുള്ള 788 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**<u>നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ</u>**

| ഭവന സമുച്ചയം | ജില്ല | എണ്ണം | ഭരണാനുമതി തുക (തുക കോടി) |
|---|---|---|---|
| മണ്ണുംപുറം | ആലപ്പുഴ | 204 | 25.03 |
| മുട്ടത്തറ | തിരുവനന്തപുരം | 68 (81 കോടി രൂപയുടെ ഭരണാനുമതി പ്രകാരം പൂർത്തീകരിക്കാൻ ബാക്കിയുള്ളവ) | 81 |
| വെസ്റ്റ് ഹിൽ | കോഴിക്കോട് | 80 | 14.27 |
| പൊന്നാനി | മലപ്പുറം | 100 | 14.33 |
| കോയിപ്പാടി | കാസർഗോഡ് | 144 | 23.20 |
| കടകംപള്ളി | തിരുവനന്തപുരം | 168 | 37.62 |
| സെന്റ് ആന്റണീസ്, വലിയതുറ | തിരുവനന്തപുരം | 24 | 5.74 |
| **ആകെ** | | **788** | **201.19** |

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി പദ്ധതിക്കായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

**<u>സാമ്പത്തിക പുരോഗതി</u>**

പദ്ധതിയ്ക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>CMDRF</u>**

| വർഷം | അനുവദിച്ച തുക | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 2000000000 | 2500000000 | 2500000000 |
| 2020-21 | 0 | | |

| | | | |
|---|---|---|---|
| 2021-22 | 500000000 | | |

**<u>ബഡ്ജറ്റ് വിഹിതം</u>**

| വർഷം | അനുവദിച്ച തുക | ചെലഴിച്ച തുക |
|---|---|---|
| 2022-23 | 837500000 | 837262752 |
| 2023-24 | 300000000 | 299797493 |
| 2024-25 | 696600000 | 696592750 |
| 2025-26 | 600000000 | 161367335 |
| ആകെ | 2434100000 | 1995020330 |

പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 243.41 കോടി രൂപയും ഉൾപ്പെടെ 493.41 കോടി രൂപ അനുവദിക്കുകയും 449.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബാക്കി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ